# പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .158 — 10.06.2013-ൽ മറുപടിക്ക്

## മത്സ്യബന്ധനയാനങ്ങളുടെ മണ്ണെണ്ണ ക്വാട്ട വർദ്ധിപ്പിക്കാൻ നടപടി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.പി. തിലോത്തമൻ | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | മത്സ്യബന്ധനയാനങ്ങളുടെ മണ്ണെണ്ണ ക്വാട്ട വർദ്ധിപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ മണ്ണെണ്ണ ക്വാട്ട വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; മണ്ണെണ്ണയുടെ ദൗർലഭ്യം പരിഗണിച്ച് മണ്ണെണ്ണ നേരിട്ട് ഇറക്കുമതി ചെയ്യാൻ പദ്ധതിയുണ്ടോ എന്ന് വ്യക്തമാക്കുമോ ; | (എ) | ഗാർഹികാവശ്യങ്ങൾക്കായി കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമാകുന്ന മണ്ണെണ്ണയിൽ നിന്നും സംസ്ഥാന സർക്കാർ മത്സ്യമേഖലയുടെ പ്രാധാന്യം കണക്കിലെടുത്ത് പ്രതിമാസം 2525 കെ.എൽ മണ്ണെണ്ണ സിവിൽ സപ്ലൈസ് വകുപ്പ് വഴി നൽകുന്നു. മണ്ണെണ്ണയുടെ ദൗർലഭ്യം പരിഗണിച്ച് മത്സ്യബന്ധനത്തിന് ആവശ്യമായ തോതിൽ പ്രത്യേക മണ്ണെണ്ണ ക്വാട്ട അനുവദിച്ച് തരുന്നതിലേയ്ക്ക് സംസ്ഥാന സർക്കാർ ബഹു. പ്രധാനമന്ത്രിയ്ക്ക് നിവേദനം സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | മണ്ണെണ്ണയുടെ വില ക്രമാതീതമായി വർദ്ധിച്ച സാഹചര്യത്തിൽ മത്സ്യബന്ധന മേഖലയിൽ ഡീസൽ എഞ്ചിനുകളും സൗരോർജ്ജ എഞ്ചിനുകളും ഗ്യാസ് എഞ്ചിനുകളും പ്രാബല്യത്തിൽ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ ? | (ബി) | മണ്ണെണ്ണയുടെ ക്രമാതീതമായ വില വർദ്ധനവും പ്രവർത്തന ചെലവും കണക്കിലെടുത്ത് തൊഴിലാളികൾക്ക് ആശ്വാസം പകരുവാൻ ഡീസൽ എഞ്ചിനുകൾ പ്രചരിപ്പിക്കുന്നതിനുള്ള പ്രാഥമിക നടപടികൾ ഇതിനകം തന്നെ ആരംഭിച്ചിട്ടുണ്ട്. 2013-14 സാമ്പത്തിക വർഷത്തിൽ എഞ്ചിനൊന്നിന് പരമാവധി 1 ലക്ഷം രൂപ സബ്സിഡി നൽകി കൊണ്ട് 100 എഞ്ചിനുകൾ വിതരണം ചെയ്യുവാനുള്ള ഒരു പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ട്. ഇതിലേയ്ക്ക് ഒരു കോടി രൂപ സംസ്ഥാന സർക്കാരിന്റെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഗ്യാസ് ഇന്ധനമായി ഉപയോഗിച്ചു കൊണ്ടുള്ള പരീക്ഷണങ്ങൾ നടത്തിയെങ്കിലും മത്സ്യതൊഴിലാളികളിൽ നിന്നും വേണ്ടത്ര സ്വീകാര്യത ലഭ്യമാകാത്ത സാഹചര്യത്തിൽ പ്രസ്തുത പദ്ധതി തുടർന്ന് നടപ്പിലാക്കുവാൻ സാധിച്ചില്ല. |

സെക്ഷൻ ഓഫീസർ